പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

10.02.2016 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ. *86

## പ്ലാന്റേഷൻ ലേബർ കമ്മിറ്റി കരാർ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ**<br>**ശ്രീ. കെ.കെ.ജയചന്ദ്രൻ**<br>**ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ**<br>**ശ്രീ.ജെയിംസ് മാത്യു** | ശ്രീ. ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) പ്ലാന്റേഷൻ ലേബർ കമ്മിറ്റി കരാർ ഒപ്പു വെക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദീകരിക്കുമോ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ; വേതനം പുതുക്കാനായി എന്ത് തുടർ നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) റബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിലുണ്ടായ തകർച്ച കാരണം പ്ലാന്റേഷൻ മേഖലയിൽ ഉടലെടുത്ത പ്രതിസന്ധിമൂലം പ്ലാന്റേഷൻ ലേബർ കമ്മിറ്റി നടത്തിയ വേതന ചർച്ചകളിൽ റബർ പ്ലാന്റേഷനുകളിലെ സ്റ്റാന്റേർഡ് ഔട്ട്പുട്ട്, പ്രൊഡക്ടിവിറ്റി എന്നിവ സംബന്ധിച്ചും കരാറിന്റെ മുൻകാല പ്രാബല്യം, കരാർ കാലാവധി എന്നിവ സംബന്ധിച്ചും തീരുമാനമെടുക്കാനായില്ല. ഇതാണ് പ്ലാന്റേഷൻ മേഖലയിൽ കൂലി വർദ്ധന സംബന്ധിച്ച കരാർ ഒപ്പിടാൻ കഴിയാതെ പോയതിന്റെ കാരണം. അടിയന്തിരമായി പ്ലാന്റേഷൻ മേഖലയിൽ വേതന വർദ്ധന പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് സർക്കാർ നിലപാട് സ്വീകരിക്കുകയും 28.01.16-ലെ 428/ഇ1/16/തൊഴിൽ നമ്പരായി തോട്ടം തൊഴിലാളികൾക്കായി മിനിമം വേതനം നിശ്ചയിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) നിലവിലെ ലേല കേന്ദ്രങ്ങളെ ഒഴിവാക്കി കമ്മ്യൂണിറ്റി ട്രേഡിംഗ് സമ്പ്രദായം നടപ്പാക്കണമെന്ന ആവശ്യം നടപ്പിലാക്കുമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;<br><br>(സി) മാനേജ് മെന്റുകളിൽ നിന്ന് തോട്ടം ഏറ്റെടുത്ത് പ്ലാന്റേഷൻ കോർപ്പറേഷൻ വഴിയോ ദിനേശ് മാതൃകയിൽ സഹകരണ സംഘങ്ങൾ വഴിയോ നടത്താൻ ആവശ്യമായ നിയമനിർമ്മാണത്തിനും, മറ്റു | (ബി) & (സി) ഇപ്പോൾ പരിഗണനയിലില്ല. |

നടപടികൾ സ്വീകരിക്കാനും തയ്യാറാകുമോ;

(ഡി) നിയമലംഘകരായ മാനേജ്മെന്റുകൾക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

(ഡി) സംസ്ഥാനത്തെ പ്ലാന്റേഷനുകളിൽ പ്ലാന്റേഷൻ ലേബർ നിയമത്തിന്റെയും മറ്റ് തൊഴിൽ നിയമങ്ങളുടെയും ലംഘനങ്ങൾ നടക്കുന്നുണ്ടോയെന്ന് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് മുഖേന പരിശോധന നടത്തുകയും നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അവ പരിഹരിയ്ക്കുന്നതിന് നിർദ്ദേശം നല്കുകയും ചെയ്തുവരുന്നു. അവ പരിഹരിയ്ക്കാത്ത പക്ഷം പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികളും സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ